(ഡി) ഈ റിവോൾവറുകൾ തിരിച്ചു കിട്ടിയോ?

ഉത്തരം

(എ) അൻപതുപേരെ അറസ്റ്റു ചെയ്തിട്ടുണ്ട്.

(ബി) എട്ട്.

(സി) രണ്ട്.

(ഡി) ഒരെണ്ണം തിരിച്ചു കിട്ടി.

കണ്ണൂരിൽ നടന്ന ബോംബ് സ്ഫോടനങ്ങൾ

22 (733)ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ ബോംബ് നിർമ്മാണവും ബോംബ് ഉപയോഗിച്ചുകൊണ്ടുള്ള അക്രമങ്ങളും വർദ്ധിച്ചുവരുന്നതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് തടയുന്നതിന് ഗവണ്മെന്റ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ;

(സി) പുല്ല്യോട് ബോംബ് സ്ഫോടനത്തിൽ രണ്ടുപേർ മരിക്കുകയും രണ്ടുപേർക്ക് പരിക്കുപറ്റുകയും ചെയ്തു. സംഭവത്തിന്റെ അന്വേഷണം ഏതു ഘട്ടം വരെയായി; ആരെയെങ്കിലും അറസ്റ്റുചെയ്തിരുന്നോ;

(ഡി) ഈ പ്രതികളെ ചോദ്യം ചെയ്യുവാൻ പോലീസ് കസ്റ്റഡിയിൽ വേണമെന്ന് കോടതിയിൽ ആവശ്യപ്പെട്ടോ;

(ഇ) ബോംബിന്റെ ഉറവിടം കണ്ടെത്തുവാൻ പോലീസ് ശ്രമിച്ചില്ലെന്നുള്ള പരാതി ഗവണ്മെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(എഫ്)എങ്കിൽ ഫലപ്രദമായ അന്വേഷണം നടത്തുവാനും കുറ്റക്കാരുടെ പേരിൽ നടപടി എടുക്കുവാനും ഗവണ്മെന്റ് തയ്യാറാകുമോ?

ഉത്തരം

(എ)&(ബി) ഉണ്ട്. ഇന്റലിജൻസ് ഡി.ഐ.ജി. യുടെ നേതൃത്വത്തിൽ മൂന്ന് എസ്.പി. മാർ, മൂന്ന് എ.എസ്.പി. മാർ, അഞ്ച് ഡി.വൈ.എസ്.പി. മാർ, വിവിധ റാങ്കുകളിൽ ഉള്ള 600 ഓളം പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന ഒരു പ്രത്യേക സംഘത്തെ സംഘർഷബാധിത പ്രദേശങ്ങളിലും, പരിസരങ്ങളിലും പരിശോധനകളും തിരച്ചിലുകളും നടത്തി സ്ഫോടകവസ്തുക്കൾ കണ്ടുപിടിക്കുന്നതിനും കുറ്റകൃത്യം ചെയ്യുന്ന സാമൂഹ്യ വിരുദ്ധരെ പിടിക്കുന്നതിനും വേണ്ടി നിയോഗിച്ചിട്ടുണ്ട്.

(സി) ക്രൈംബ്രാഞ്ച് കേസന്വേഷണം നടത്തിവരികയാണ്.

(ഡി) പ്രതികളെപ്പറ്റിയുള്ള അന്വേഷണം ഊർജ്ജിതമായി നടത്തിവരുന്നു. പ്രതികൾ കോടതി മുമ്പാകെ ഹാജരായിട്ടില്ല. അതിനാൽ പോലീസ് കസ്റ്റഡിയിൽ ആവശ്യപ്പെടുന്ന പ്രശ്നം ഉദിക്കുന്നില്ല.

(ഇ)&(എഫ്) അത്തരത്തിലുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly